**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4107** **27-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മയക്കമരുന്ന് ഉപയോഗവും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകൾ സ്കൂളുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മയക്കമരുന്ന് ഉപയോഗവും അതിനാലുള്ള കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോളേജുകളും, സ്കൂളുകളും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് മയക്കമരുന്ന് ഉപയോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതിനായി ലഹരിമാഫിയകൾ പ്രവർത്തിയ്ക്കുന്നതും വിദ്യാർഥികളെ പ്രസ്തുത ഉപഭോഗത്തിനും കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും വിധേയമാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും, വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെയും ലഹരി മാഫിയകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ ഉൾപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇവ തടയുവാനും ഇതിന് വിധേയരായ യുവാക്കളെയും വിദ്യാർഥികളെയും നേർവഴിയ്ക്ക് കൊണ്ടുവരാനും പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട മാഫിയകളെ കർക്കശമായ ശിക്ഷാനടപടികൾക്ക് വിധേയമാക്കാനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (സി) | സ്കൂളുകളിലും/കോളേജുകളിലും ലഹരി ഉപയോഗത്തിനെതിരെ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, 'വിമുക്തി' മിഷന്റെ നേതൃത്വത്തിൽ വൈവിദ്ധ്യമായ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. സ്കൂൾ/ കോളേജുകളുടെ പരിസരങ്ങളും സമീപ പ്രദേശത്തുള്ള കടകളും മറ്റ് സ്ഥാപനങ്ങളും നിരീക്ഷിച്ച് പരിശോധനകൾ നടത്തിയും, രഹസ്യ വിവരങ്ങൾ ശേഖരിച്ചും, സ്കൂൾ/കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റവാളികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടികളെ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നത് കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിന് ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം എക്സൈസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിനായി, Juvenile Justice (Care and Protection of Children) Model Rules, 2016-ലെ 56(1), 57(1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കി; എത്ര മാഫിയകളുടെ പേരിൽ നടപടികൾ കൈക്കൊണ്ടു; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സ്കൂൾ പരിസരത്തുനിന്ന് 19 ലഹരി മരുന്ന് കേസുകൾ കണ്ടെത്തുകയും, ടി കേസുകളിലായി 25 പ്രതികളെ അറസ്റ്റ് ചെയ്യുകയും, തൊണ്ടിയായി 253.97 കിലോഗ്രാം കഞ്ചാവും, രണ്ട് കഞ്ചാവ് ചെടികളും 36.5 ഗ്രാം എം.ഡി.എം.എ.യും, 12 ഗ്രാം ഹാഷിഷ് ഓയിലും കണ്ടെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയും, വിദ്യാലയങ്ങൾ ലഹരി വിമുക്തമാക്കുന്നതിനും, ലഹരി ഉപയോഗത്തിൽ നിന്നും വിദ്യാർത്ഥികളെ പിൻതിരിപ്പിക്കുന്നതിനുമായി 'ഉണർവ്വ്' എന്ന പേരിൽ കായിക പരിശീലന പദ്ധതിയും നടപ്പാക്കി വരുന്നു. SPC, NCC, NSS എന്നിവയിലെ വിദ്യാർത്ഥികളിലൂടെ ലഹരി വിരുദ്ധ ആശയങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നു. ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ